കേസ് എടുത്തു. 3-ാം തീയതി നടന്ന സംഭവത്തിലും കേസ് എടുത്തിരിക്കുകയാണ്. ഒരാൾ 6-ാം തീയതിയാണ് ഗൾഫിൽ നിന്നും ഇവിടെ വന്നത്. 3-ാം തീയതി ഗൾഫിലുണ്ടായിരുന്ന ആൾ ഈ കേസിൽ പ്രതിയാണ്. കള്ളക്കേസ് എടുക്കുന്നുവെന്നുള്ളതിന് ഇതിൽ കൂടുതൽ ഒരു തെളിവ് വേണമോ? സ്റ്റേറ്റിൽ മുഖ്യമന്ത്രിയുടെ കോലം കത്തിക്കാൻ പാടില്ലേ? എത്രപേരുടെ കോലം എത്ര യുവജനപ്രസ്ഥാനങ്ങൾ കത്തിക്കുന്നു? മുഖ്യമന്ത്രിയുടെ കോലം കത്തിച്ചാൽ അത് Public Property Destruction ആക്റ്റിൽപെടുമോ? പബ്ലിക് പ്രോപ്പർട്ടിയാണോ മുഖ്യമന്ത്രിയുടെ കോലം? കള്ളക്കേസ് എടുക്കുന്നതിന് ഒരു ന്യായവും ഒരു മര്യാദയുമൊക്കെ വേണ്ടേ? അനാവശ്യമായി കള്ളക്കേസ്സെടുക്കുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഈ കാര്യത്തിൽ ന്യായമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശങ്ങളും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന് ചില സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരിപക്ഷം യുവജനപ്രസ്ഥാനങ്ങളും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് യുവജനപ്രസ്ഥാനങ്ങളുടെ ആശങ്കകൾകൂടി കണക്കിലെടുത്ത് മാത്രമേ സർക്കാർ എന്തെങ്കിലും തീരുമാനമെടുക്കുകയുള്ളൂ. പെൻഷൻപ്രായം 58 വയസ്സായി ഉയർത്തുമെന്ന് സംസാരമുണ്ടെങ്കിലും തീരുമനമെടുത്തിട്ടില്ല. ക്രീമിലെയർ കേസിലെ സുപ്രീംകോടതി വിധിയെത്തുടർന്ന് പ്രസ്തുത പരിധിയിൽ വരുന്ന നിയമനം ഇതുസംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെ നിർത്തിവയ്ക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് 17.12.1999-മുതൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിൽ അഭിപ്രായപ്പെട്ട പ്രകാരം ഹൈക്കോടതി അംഗീകരിച്ച ജോസഫ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നിയമനങ്ങൾ പുനരാരംഭിക്കാൻ ഫെബ്രുവരി 16-ന് ഉത്തരവിട്ടിട്ടുണ്ട്. ഇപ്പോൾ പി.എസ്.സി. വഴിയും അല്ലാതെയുമുള്ള നിയമനങ്ങൾക്ക് യാതൊരു തടസ്സവുമില്ല. വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും നിയമനങ്ങൾ ത്വരിതപ്പെടുത്തുവാനും എല്ലാ മേഖലകളിലും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കള്ളക്കേസ്സുകൾ പിൻവലിക്കണമെന്ന് പറഞ്ഞ് ന്യായമായ നടപടികൾ സ്വീകരിച്ച് നിയമവിധേയമായി അതിന്റെ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഉടുമ്പൻചോല താലൂക്കിലെ ചെമ്മണ്ണാർ എന്നസ്ഥലത്ത് നിർമ്മിച്ചിരുന്ന സ്റ്റേജും കൊടിതോരണങ്ങളും നശിപ്പിക്കപ്പെട്ട സംഭവം

ശ്രീ. എ.കെ. മണി : സർ, ഇടുക്കി ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. ഇ.എം. അഗസ്തി നയിക്കുന്ന പദയാത്ര ഇടുക്കി ജില്ലയിൽ മൊത്തം നടക്കുകയാണ്. ഉടുമ്പൻചോല ചെമ്മണ്ണാർ എന്ന സ്ഥലത്ത് വന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടി നേതാക്കളെങ്കിലും ആ പ്രവർത്തകരോട് പറയണ്ടേ ഇങ്ങനെയൊന്നും ചെയ്യരുതെന്ന്. സംസ്ഥാനത്തൊട്ടാകെ ഇതുതന്നെയാണ് സംഭവിക്കുന്നത്. കോൺഗ്രസ്സുകാർക്ക് ജാഥ നടത്താൻ പാടില്ല, പദയാത്ര നടത്താൻ പാടില്ല, പ്രസംഗിക്കാൻ പാടില്ല, ജനകീയ സമരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ പാടില്ല. ഇത് എന്താ സ്ഥിതി? ഈ സഭയിലെ ഒരംഗമായ ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. ഇ.എം. അഗസ്തി നയിക്കുന്ന പദയാത്രയ്ക്ക് സ്വീകരണം കൊടുക്കാൻ വേണ്ടിചെമ്മണ്ണാർ അദ്ദേഹത്തിന്റെ മണ്ഡലമാണ്. അവിടെ സ്വീകരണം കൊടുക്കാൻവേണ്ടിയുള്ള സ്റ്റേജ് കൊടിമരം, പതാക, തോരണങ്ങൾ എന്നിവ മുഴുവൻ വെട്ടിയിട്ടിരിക്കുകയാണ്. ഇതാണോ മാർക്സിസ്റ്റ് പാർട്ടിയുടെ രീതി? ഇതിൽ മാറ്റമുണ്ടാകണം. അല്ലെങ്കിൽ ബുദ്ധിമുട്ടാണ്. ഇടുക്കി ജില്ലയിലെ വികസനത്തിനുവേണ്ടി നടത്തുന്ന ഒരു ജാഥയാണ്. ആ ജാഥയോട് എന്ത് വൈരാഗ്യമാണ് ഇവർക്ക്. ഇത് ശരിയല്ല. ഇത് നശിപ്പിച്ച ആൾക്കാരുടെ പേരിൽ ഇതുവരേയും നടപടിയുണ്ടായിട്ടില്ല. സി.പി.ഐ.യെ ഞാൻ കുറ്റം പറയുന്നില്ല. അവർ നല്ല ആൾക്കാരാണ്. കുറെയൊക്കെ സഹകരിക്കുന്ന ആൾക്കാരാണ്. സി.പി.ഐ.(എം)-ന്റെ ആൾക്കാരാണ് ഇതൊക്കെ ചെയ്യുന്നത്. ഇവരുടെ പേരിൽ കേസ് എടുത്തിട്ടില്ല. യാതൊരു നടപടിയുമെടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ് എത്രയും വേഗം ഇതിന്റെ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിച്ച് അവരുടെ പേരിൽ കേസ് എടുക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ശ്രീ. ഇ.എം. അഗസ്തി എം.എൽ.എ.യുടെ നേതൃത്വത്തിൽ നടന്നിരുന്ന കോൺഗ്രസ് (ഐ)യുടെ സമാപനസമ്മേളനത്തോടനുബന്ധിച്ച് ചെമ്മണ്ണാറിൽ കെട്ടിയുയർത്തിയ സ്റ്റേജ് ഫെബ്രുവരി 22-ന് രാത്രി ചമ്പക്കര സണ്ണിയെന്ന ആൾ ഓടിച്ചിരുന്ന ജീപ്പ് ഇടിച്ച് ഭാഗികമായി തകരുകയും കൊടിതോരണങ്ങൾ അലങ്കോലപ്പെടുകയും ചെയ്തു. പരിക്കുപറ്റിയ ജീപ്പ് ഡ്രൈവർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇത് സംബന്ധിച്ച് ശന്തൻപാറ പോലീസ് സ്റ്റേഷനിൽ ക്രൈം 46/2000-ാം നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയാണ്.

(4) അഭിഭാഷകർ നടത്തുന്ന കോടതി ബഹിഷ്ക്കരണ സമരം

ശ്രീ. എം. വി. ജയരാജൻ : സർ, ഇന്ന് രാജ്യവ്യാപകമായി അഭിഭാഷകരും കേരളത്തിൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ നിയമവിദ്യാർത്ഥികളും സമരം നടത്തുകയാണ്. സിവിൽ നടപടിക്രമം, അഡ്വക്കേറ്റ്സ് ആക്റ്റ് എന്നിവയുടെ ഭേദഗതിക്കും ഭരണഘടന പൊളിച്ചെഴുതുന്നതിനുമെതിരായിട്ടാണ് അഭിഭാഷകരും നിയമവിദ്യാർത്ഥികളും രാജ്യവ്യാപകമായി സമരം നടത്തുന്നത്. ഇന്ന് കേന്ദ്ര നിയമമന്ത്രിയുടെ വീട്ടിലേയ്ക്ക് അഭിഭാഷകൻമാർച്ച് നടത്തുകയാണ്. കേരളത്തിലെ കോടതികളിൽ വക്കീലന്മാർ ബഹിഷ്ക്കരണം പ്രഖ്യാപിച്ചിരിക്കുകയാണ്. നിയമ വിദ്യാർത്ഥികളും ഈ സമരത്തിൽ പങ്കെടുക്കുന്നു. ആൾ ഇൻഡ്യാ ലോയേഴ്സ് യൂണിയനും ഈ സമരത്തിൽ പങ്കെടുക്കുകയാണ്. ബാർ കൗൺസിലിലും ബാർ അസോസിയേഷനുമാണ് ഈ സമരത്തിന് ആഹ്വാനം ചെയ്തിട്ടുള്ളത്. സിവിൽ നടപടിക്രമത്തിൽ വരുത്തിയ ഭേദഗതി സാധാരണക്കാർക്ക് നീതി നിഷേധിക്കാനിടയാക്കുന്ന ഒരു ഭേദഗതിയാണ്. ഇപ്പോൾ ഒരു അന്യായം ഫയൽ ചെയ്താൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ പിന്നീട് അത് ചെയ്യാവുന്നതാണ്. പുതിയ വ്യവസ്ഥയനുസരിച്ച് ഭേദഗതി വരുത്താൻ കഴിയില്ല. അന്യായം ഫയൽ ചെയ്ത ആൾ മരിച്ചാൽ പിൻതുടർച്ചാവകാശിക്ക് കക്ഷി ചേർന്ന് കേസ് തുടർന്ന് നടത്താവുന്നതാണ് നിലവിലുള്ള വ്യവസ്ഥ. ഇനി അത്

LIBRARY ARCHIVES Kerala Legislative Assembly